**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2296** **21-01-2021 - ൽ മറുപടിയ്ക്ക്**

**നികുതി വകുപ്പിന്റെ ഇന്റലിജൻസ് പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീ. അനിൽ അക്കര ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . എം . വിൻസെൻറ്** | | **Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | സ്വർണ്ണക്കടത്തും അതിന്റെ വിപണനവും തടയുന്നതിന് ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) | നികുതി വെട്ടിച്ചുള്ള സ്വർണ്ണക്കടത്ത്, വിപണനം എന്നിവ തടയുന്നതിന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം കട പരിശോധന, വാഹന പരിശോധന, സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾക്ക് സമീപം രഹസ്യ നിരീക്ഷണം, സ്വർണ്ണ കടകളിൽ ടെസ്റ്റ് പർച്ചേസ്, റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വർണ്ണം, വെള്ളി എന്നിവയിലെ നികുതി വെട്ടിപ്പ് സംബന്ധിച്ച രഹസ്യ വിവരം നൽകുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് പാരിതോഷികം നൽകുന്നതിനും വേണ്ടി ചില പ്രത്യേക വ്യവസ്ഥകൾ 2020-ലെ ഗ്രാന്റ് ഓഫ് റിവാർഡ് റ്റു ഇൻഫോർമേഴ്സ് ആൻഡ് ഗവൺമെന്റ് സെർവന്റ്സ് എന്ന സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി നിരന്തരമായ പരിശോധനയും റെയിഡുകളും സംഘടിപ്പിക്കാറുണ്ടോ; 2020 മാർച്ചിന് ശേഷം ഇപ്രകാരമുള്ള റെയിഡുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പരിശോധനകൾ സംഘടിപ്പിക്കാറുണ്ട്. 2020 മാർച്ച് മാസത്തിനുശേഷം ആകെ 18 കേസുകളിൽ സ്വർണ്ണത്തിന്റെ കണക്കിൽപെടാത്ത വില്പന കണ്ടെത്തി നികുതിയും പിഴയുമായി 183.25 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്. |
| (സി) | 2020-21 സാമ്പത്തികവർഷം നാളിതുവരെ രേഖകൾ ഇല്ലാതെ കടത്താൻ ശ്രമിച്ച എത്ര കിലോ സ്വർണ്ണം ഇന്റലിജൻസ് വിഭാഗം പിടിച്ചെടുത്തുവെന്നും അതിന്റെ നികുതി/ പിഴയിനത്തിൽ സർക്കാരിന് എന്ത് തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | വകുപ്പ് 130 അനുസരിച്ച് 17.42 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുക്കുകയും ആയതിൽ 327.34 ലക്ഷം രൂപ നികുതി, പിഴ, ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ